# 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്ക് എതിരായ അക്രമം നിരോധി
ക്കുന്നതിനും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിലെ
സ്വത്തിനുള്ള നാശവും നഷ്ടവും തടയുന്നതിനും
അതുമായി ബന്ധപ്പെട്ടതോ അതിന്
ആനുഷംഗികമായതോ ആയ
കാര്യങ്ങൾക്കും
വേണ്ടിയുള്ള

ഒരു

ബിൽ

പീഠിക.—ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്ക് എതിരായ അക്രമം നിരോധിക്കുന്നതിനും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിലെ സ്വത്തിനുള്ള നാശവും നഷ്ടവും തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള ആരോഗ്യ രക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2010 ആഗസ്റ്റ് 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങൾ" എന്നാൽ, രോഗികളുടെ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഉള്ളതും അവരുടെ പ്രവേശനത്തിനും താമസത്തിനും വേണ്ടി ഉപയോഗിക്കുന്നതുമായ ഏതെങ്കിലും സ്വകാര്യ ആശുപത്രിയും, പ്രസവവുമായോ അതുമായി ബന്ധപ്പെട്ട ഏതെങ്കിലുമായോ ബന്ധപ്പെട്ട് മാറ്റി പാർപ്പിക്കലിനും,

പ്രസവത്തിനു മുൻപും പ്രസവാനന്തരവുമുള്ള ശുശ്രൂഷയുടെ ആവശ്യത്തിനുമായി സ്ത്രീകളെ സാധാരണയായി പ്രവേശിപ്പിക്കുന്നതും താമസിപ്പിക്കുന്നതുമായ ഏതൊരു സ്വകാര്യ പ്രസൂതിമന്ദിരവും, ഏതെങ്കിലും ശാരീരികമോ മാനസികമോ ആയ അവശതയോ രോഗമോ പരിക്കോ അനുഭവിക്കുന്ന ആളുകളുടെ പ്രവേശനത്തിനും താമസത്തിനും ഉപയോഗിക്കുന്നതോ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നതോ ആയതും ചികിത്സയോ ശുശ്രൂഷയോ ഇവ രണ്ടുംകൂടിയോ നൽകുന്നതുമായ ഏതൊരു സ്വകാര്യ നഴ്സിംഗ് ഹോമും ഉൾപ്പെടെയുള്ള, ജനങ്ങൾക്ക് ആരോഗ്യരക്ഷ നൽകുന്നതും സംസ്ഥാന അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ തദ്ദേശനികായങ്ങൾ മുതലായവ യുടെയോ നിയന്ത്രണത്തിലുള്ളതുമായ എല്ലാ സ്ഥാപനങ്ങളും എന്ന് അർത്ഥമാകുന്നതും അതിൽ ഒരു പ്രസൂതിമന്ദിരവും രോഗാനന്തര വിശ്രമമന്ദിരവും ക്ലിനിക്കും, ആരോഗ്യ രക്ഷാ സേവന പ്രവർത്തകരുടെ വസതിയും പരിശോധനാമുറികളും ഉൾപ്പെടുന്നതുമാ കുന്നു ;

(ബി) ഒരു ആരോഗ്യരക്ഷാ സേവന സ്ഥാപനവുമായി ബന്ധപ്പെട്ട് "ആരോഗ്യ രക്ഷാ സേവന പ്രവർത്തകർ" എന്നതിൽ,—

(i) ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന രജിസ്റ്റർ ചെയ്തിട്ടുള്ള, താത്ക്കാലിക രജിസ്ട്രേഷൻ ഉള്ളവർ ഉൾപ്പെടെയുള്ള മെഡിക്കൽ പ്രാക്ടീഷണർമാർ ;

(ii) രജിസ്റ്റർ ചെയ്തിട്ടുള്ള നഴ്സുമാർ ;

(iii) മെഡിക്കൽ വിദ്യാർത്ഥികൾ ;

(iv) നഴ്സിംഗ് വിദ്യാർത്ഥികൾ ;

(v) മെഡിക്കൽ സേവന സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ളതും ജോലി ചെയ്തുവരുന്നതുമായ പാരാമെഡിക്കൽ ജീവനക്കാർ, ഉൾപ്പെടുന്നതാണ്.

(സി) "കുറ്റക്കാരൻ" എന്നാൽ, ഒറ്റയ്ക്കോ ഒരു സംഘം ആളുകളുടെയോ സംഘടനകളുടെയോ നേതാവായോ, ഒരു അംഗമായോ, ഈ ആക്റ്റ് പ്രകാരമുള്ള അക്രമം ചെയ്യുകയോ ചെയ്യുവാൻ ശ്രമിക്കുകയോ പ്രേരിപ്പിക്കുകയോ പ്രചോദനം നൽകുകയോ ചെയ്യുന്ന ഏതൊരാളും എന്നർത്ഥമാകുന്നു ;

(ഡി) "സ്വത്ത്" എന്നാൽ, ഏതെങ്കിലും ആരോഗ്യരക്ഷാ സേവന പ്രവർത്തക ന്റെയോ ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിന്റെയോ ഉടമസ്ഥതയിലോ കൈവശ ത്തിലോ നിയന്ത്രണത്തിൻകീഴിലോ ഉള്ള സ്ഥാവരമോ ജംഗമമോ ആയ ഏതെങ്കിലും സ്വത്തോ മെഡിക്കൽ ഉപകരണമോ മെഡിക്കൽ യന്ത്രമോ എന്നർത്ഥമാകുന്നു ;

(ഇ) "അക്രമം" എന്നാൽ, ഏതെങ്കിലും ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിൽ കർത്തവ്യനിർവ്വഹണത്തിലിരിക്കുന്ന ഏതെങ്കിലും ആരോഗ്യരക്ഷാ സേവന പ്രവർത്തകന് എന്തെങ്കിലും ഹാനിയോ പരിക്കോ ഉണ്ടാക്കുന്നതോ ജീവൻ അപായപ്പെടുത്തുന്നതോ ആയ പ്രവർത്തനങ്ങളോ, ഭീഷണിയോ, തടസ്സമോ, വിഘ്നമോ ആരോഗ്യരക്ഷാ സ്ഥാപനത്തിലെ സ്വത്തിന് നാശമോ നഷ്ടമോ ഉണ്ടാക്കുകയോ എന്നർത്ഥമാകുന്നു.

3. അക്രമം നിരോധിക്കൽ.—ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്ക് എതിരായ അക്രമവും അല്ലെങ്കിൽ ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിലെ സ്വത്തിന് നാശമോ നഷ്ടമോ ഉണ്ടാക്കുന്ന ഏതൊരു കൃത്യവും ഇതിനാൽ നിരോധിച്ചിരിക്കുന്നു.

4. 3-ാം വകുപ്പിന്റെ ലംഘനത്തിനുള്ള ശിക്ഷയും മറ്റ് അനന്തരഫലവും.—(1) 3-ാം വകുപ്പ് ലംഘിച്ചുകൊണ്ട് ഏതെങ്കിലും കൃത്യം ചെയ്യുന്ന ഏതൊരു കുറ്റക്കാരനും മൂന്നുവർഷംവരെയാകാവുന്ന കാലയളവിലേക്കുള്ള തടവും അൻപതിനായിരം രൂപവരെ ആകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ശിക്ഷയ്ക്കുപുറമെ, കേടുവരുത്തിയ മെഡിക്കൽ ഉപകരണത്തിന്റെ ക്രയവിലയുടെ ഇരട്ടി തുകയും സ്വത്തിന് ഉണ്ടാക്കിയ നഷ്ടം കുറ്റം വിചാരണ ചെയ്യുന്ന കോടതി തീരുമാനിക്കുന്നപ്രകാരവും, നഷ്ടപരിഹാരമായി ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിന് നൽകാൻ കുറ്റക്കാരൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

(3) കുറ്റക്കാരൻ, (2)-ാം ഉപവകുപ്പ് പ്രകാരം നഷ്ടപരിഹാരം നൽകാത്തപക്ഷം പ്രസ്തുത തുക അയാളിൽ നിന്നും ലഭിക്കേണ്ടതായ ഭൂ നികുതിയുടെ ഒരു കുടിശ്ശികയായിരുന്നാലെന്നപോലെ, 1968-ലെ കേരള റവന്യൂ റിക്കവറി ആക്റ്റിലെ (1968-ലെ 15) വ്യവസ്ഥകൾപ്രകാരം, ഈടാക്കേണ്ടതാണ്.

(4) 3-ാം വകുപ്പുപ്രകാരം ചെയ്യുന്ന ഏതൊരു കുറ്റവും കോഗ്നൈസബിളും ജാമ്യം അനുവദിക്കാൻ പാടില്ലാത്തതും ആകുന്നു.

5. ആക്റ്റ് മറ്റേതെങ്കിലും നിയമങ്ങൾക്ക് പുറമേയും അതിന് ഭംഗംവരുത്താതെയും ആയിരിക്കുമെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമങ്ങളിലെ വ്യവസ്ഥകൾക്ക് പുറമേയും അവയ്ക്ക് ഭംഗം വരുത്താതെയുമായിരിക്കുന്നതാണ്.

6. <u>വൈദ്യചികിത്സയുടെ പൂർണ്ണവിവരം നൽകുന്നതിനുള്ള ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളുടെ ഉത്തരവാദിത്വം.</u>—ഓരോ ആരോഗ്യരക്ഷാ സേവന സ്ഥാപനത്തിനും, അത്തരം ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങൾ നൽകിയ വൈദ്യചികിത്സയെക്കുറിച്ചുള്ള പൂർണ്ണവിവരം പ്രസ്തുത സ്ഥാപനങ്ങളിൽ ചികിത്സതേടുന്ന രോഗികൾക്കോ അവരുടെ ബന്ധുക്കൾക്കോ ലിഖിതമായി നൽകുന്നതിനുള്ള ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.

7. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) സർക്കാരിന് ഔദ്യോഗിക ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ആവശ്യത്തിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റുപ്രകാരം ഉണ്ടാക്കിയിട്ടുള്ള ഓരോ ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അഥവാ യാതൊരു പ്രാബല്യവും ഇല്ലാതായി തീരുകയോ ചെയ്യുന്നതുമാണ് ; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

8. <u>റദ്ദാക്കലും ഒഴിവാക്കലും.</u>—(1) 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഓർഡിനൻസ് (2012-ലെ 27) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റുപ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(3) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 2011 ജൂലൈ 13-ാം തീയതി മുതൽ 2012 ഫെബ്രുവരി 11-ാം തീയതി വരെയുള്ള കാലയളവിൽ ഈ ആക്റ്റിൻകീഴിൽ ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളേയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല.